# ശൈലപ്രഭാഷണം

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

കർത്തൻ തൻ വാത്സല്യ ശിഷ്യരുമൊത്തന്നാൾ
സത്യസുവിശേഷ ഗാനമാർത്തു,
‘യഹൂദ്യ’, ‘ഗലീലി’ യെന്നീ പ്രവിശ്യകൾ
സഹർഷത്തോടതു കേട്ടു കാതിൽ,
ആ ഗാനഗന്ധർവ്വൻ മീട്ടിയ വീണയിൽ
ആഗോളമാകെ തരിച്ചുപോയി,
തൻ ദിവ്യ സിദ്ധികൊൺടൊട്ടേറെ യത്ഭുതം
തദ്ദേശവാസികൾ കൺടന്നാളിൽ,
മർത്യസഹസ്രങ്ങളാ നാദബ്രഹ്മത്തിൻ
മുഗ്ദ്ധ സങ്കീർത്തനേ മഗ്നരായി,
സേവ്യനാം ദേവേശൻ സേവകഭാവനായ്
ഭൂവിലെ മാനവർക്കാശ്വാസമായ്,
താതസവിധത്തിലർത്ഥനാബദ്ധനായ്
സാദരം ദേവേശൻ രാത്രി താൺടി,
ആ ദേവദേവന്റെ പാദമണഞ്ഞവർ
വേദം പഠിക്കുവാൻ പാഞ്ഞടുത്തു,
അന്നൊരു നാൾ തന്റെ ഭാഷണം കേൾക്കുവാ
നൊന്നിച്ചു വാനവർ കൂടിയപ്പോൾ,
തൊട്ടടുത്തായ്ക്കൺട  കൊച്ചു ഗിരിയൊന്നിൽ
ശ്രേഷ്ഠൻ ഗുരുവെത്തി ശിഷ്യരുമായ്,
കർത്താവനന്തരം സുസ്മേരഭൂഷനായ്
എത്രയും ഹൃദ്യമായ് ചൊന്നീ സൂക്തം!

(തുടരും)